# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:5787

02.07.2019-ലെ മറുപടി

### നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. ആൻസലൻ | | കെ. കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ കിഫ്ബി പ്രോജക്ടുകളായ കാരോട്, അതിയന്നൂർ എന്നീ കുടിവെള്ള പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുന്നതിന് എന്തൊക്കെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; എത്ര കോടി രൂപയുടെ ഡി.പി.ആർ. ആണ് പൂർത്തീകരിച്ചത് എന്ന് വിശദമാക്കാമോ; | (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ കാരോട്, കുളത്തൂർ, ചെങ്കൽ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി (86 കോടി); അതിയന്നൂർ, കോട്ടുകാൽ പഞ്ചായത്തുകൾ (25 കോടി) എന്നിവയ്ക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതി എന്നിവയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. തുടർന്ന് കിഫ്ബി ആവശ്യപ്പെട്ടതനുസരിച്ച് എസ്റ്റിമേറ്റ് തുക പുതുക്കി കൊണ്ടുള്ള പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ പുറമെ ചേർക്കുന്നു. |

| നം | പദ്ധതി | വിശദമായ പ്രോജക്ട് റിപ്പോർട്ടിൽ സമർപ്പിച്ച തുക | പുതുക്കിയ തുക (കോടി) |
|---|---|---|---|
| 1 | കാരോട്, കുളത്തൂർ ചെങ്കൽ | 86 കോടി | 90.23 |
| 2 | അതിയന്നൂർ, കോട്ടുകാൽ | 25 കോടി | 25.52 |

| ചോദ്യം | | മറുപടി | |
|---|---|---|---|
| (ബി) | കിഫ്ബി പ്രോജക്ടുകൾക്ക് ഭരണാനുമതി ലഭിക്കുന്നതിന് കാലതാമസം ഉണ്ടാക്കുന്നതിന്റെ കാരണം വിശദമാക്കാമോ; | (ബി) | മേൽപ്പറഞ്ഞ കിഫ്ബി പദ്ധതികൾക്ക് ആവശ്യമായ ജലം നെയ്യാർ നദിയിൽ നിന്നും ലഭ്യമാകുമോ എന്നതു സംബന്ധിച്ച ചില ആശങ്ക കിഫ്ബി പ്രകടിപ്പിച്ചിരുന്നു. ഇതു കാരണമാണ് ധനസഹായ അനുമതി ലഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നത്. സ്രോതസിന്റെ ജല ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള വിശദാംശങ്ങൾ കേരള വാട്ടർ അതോറിറ്റി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | കാരോട് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചോ എന്ന് വ്യക്തമാക്കാമോ; ഭൂമിയുടെ മതിപ്പുവില എത്രയാണെന്ന് വിശദമാക്കാമോ? | (സി) | പദ്ധതിയ്ക്ക് തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുള്ളതിനാൽ പദ്ധതിയുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കുന്നതിനാള്ള പ്രാഥമിക നടപടി ക്രമങ്ങൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**